നിത്തിവയ്ക്കപ്പെട്ട പൊതുമരാമത്തു ജോലികൾ

* 655. [22] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെകാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടിയന്തിരാവസ്ഥയുടെപേരിൽ നിർത്തിവയ്ക്കപ്പെട്ട പൊതുമരാമത്തു ജോലികൾ എത്ര; ഏതെല്ലാമാണു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

429 വർക്കുകൾ മാറ്റിവച്ചിട്ടുണ്ടു്. അവയുടെ പേരുവിവരമടങ്ങിയ ഒരു † ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

ശ്രീ. എം. നാരായണക്കുറുപ്പ്: നിറുത്തിവയ്ക്കപ്പെട്ട വർക്കുകൾ നാലാം പദ്ധതിയിലെങ്കിലും മുൻഗണന ലഭിക്കുമെന്നു പ്രതീക്ഷിക്കാമോ ?

ശ്രീ. പി. പി. ഉമ്മർകോയ: പ്ലാൻ അലോട്ടുമെന്റു് പരിമിതമായതുകൊണ്ടു് ഏതെല്ലാം വർക്കുകൾ തുടങ്ങാൻ സാധിക്കുമെന്നു് ഇപ്പോൾ പറയാൻ സാധിക്കുകയില്ല. നാലാംപദ്ധതി തയ്യാറാക്കുമ്പോൾ ഈ വർക്കുകൾകൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കാം.

ശ്രീ. കെ. ഹസ്സൻഗനി: ആനക്കയം—പന്തല്ലൂർ പാലം 1962-63 ലെ ബഡ്ജറ്റിലുള്ളതാണു് പിന്നെ അതു കണ്ടിട്ടില്ല. ഈ പാലംകൂടി പൂർത്തിയാക്കുന്ന കാര്യം ഈ വർഷം പരിഗണിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: മാറ്റിവച്ച ലിസ്റ്റിൽ ആ പാലവും പെട്ടിട്ടുണ്ടു്. ആ കാര്യത്തെപ്പറ്റി ഗവണ്മെന്റു് പരിശോധിക്കുന്നതാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അടിയന്തിരാവസ്ഥയുടെപേരിൽ നിറുത്തിവയ്ക്കാത്ത വർക്കുകളുടെ പണി മന്ദഗതിയിൽ മതി എന്നുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ടോ; അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ ആ നിർദ്ദേശം ഇപ്പോഴും പ്രാബല്യത്തിലുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ: മന്ദഗതിയിൽ ആക്കണമെന്നു് നിർദ്ദേശം കൊടുത്തിട്ടില്ല.

ശ്രീ. ഈ. പി. ഗോപാലൻ: യാതൊരു കാരണവുമില്ലാതെ പ്രധാനപ്പെട്ട പല പണികളും നിറുത്തിവച്ചിട്ടുണ്ടു്. ഇങ്ങനെ നിറുത്തിവയ്ക്കപ്പെട്ട പ്രധാന പണികളുടെയെങ്കിലും പ്രവൃത്തി വീണ്ടും തുടങ്ങാൻ വല്ല നടപടികളും എടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: യാതൊരു കാരണവുമില്ലാതെയല്ല മാറ്റിവച്ചിട്ടുള്ളതു്. നമ്മുടെ പദ്ധതിയിലെ വിഹിതം വളരെ കുറവായതുകൊണ്ടും ആവശ്യങ്ങൾ കൂടുതലായതുകൊണ്ടും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പല വർക്കുകളും നടത്താൻ സാധിച്ചില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: ഈ വർഷത്തിൽ പുതുതായി വർക്കുകൾ തുടങ്ങുമ്പോൾ കഴിഞ്ഞ വർഷം മാറ്റിവച്ചിട്ടുള്ള വർക്കുകളിൽനിന്നുള്ള പ്രയോറിറ്റി അനുസരിച്ചു് തുടങ്ങാൻ വേണ്ട നിർദ്ദേശം കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി. ഉമ്മർ കോയ: ഏറ്റവും അത്യാവശ്യമായതും അടിയന്തിരമായി ചെയ്യേണ്ടതുമായ പണികൾ മാത്രമാണു് നടത്താൻ ഉദ്ദേശിക്കുന്നതു്.

† Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly